**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2759** **17-03-2022 - ൽ മറുപടിയ്ക്ക്**

**സമ്മതപത്രം നൽകിയിട്ടുള്ള ഭൂമി രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് രജിസ്ട്രേഷൻ ഫീസ് നിലവിലുള്ള നിയമപ്രകാരം ഒഴിവാക്കിയിട്ടുണ്ടോ; | (എ) | 17/11/2015 തീയതിയിലെ G.O(P) No.201/2015/ ടിഡി (SRO No.755/2015) പ്രകാരം ഭാരത സർക്കാരോ കേരള സർക്കാരോ ഗുണഭോക്താക്കളായിട്ടുള്ളതും രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിന് ബാധ്യസ്ഥവുമായ വിലയാധാരങ്ങളുടെ രജിസ്ട്രേഷനുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ് അനുവദിച്ചിട്ടുള്ളതാണ്. ടി ഉത്തരവിന്റെ വിശദീകരണത്തിൽ റെയിൽവേ വികസനം, റോഡു വികസനം മുതലായവക്ക് അടിയന്തിര സാഹചര്യത്തിൽ ഭൂമി വിലകൊടുത്ത് വാങ്ങുമ്പോൾ ഭാരത സർക്കാരോ കേരള സർക്കാരോ ഗുണഭോക്താക്കളായിട്ടുള്ളതും രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിന് ബാധ്യസ്ഥവുമായ വിലയാധാരങ്ങളുടെ രജിസ്ട്രേഷനുകൾക്ക് പൊതുതാത്പര്യാർത്ഥം രജിസ്ട്രേഷൻ ഫീസ് ഇളവ് അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. |
| (ബി) | ശ്രീകാര്യം മേൽപ്പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ആരുടെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നത് എന്ന് വിശദമാക്കാമോ; ജില്ലാ കളക്ടറുടെയോ ഗവർണ്ണറുടെയോ പേരിൽ സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാൻ വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ; നിയമപ്രകാരം ശ്രീകാര്യം മേൽപ്പാലം നിർമ്മാണത്തിന് ഏറ്റെടുക്കുന്ന ഭൂമിയിൽ സമ്മതപത്രം നൽകിയിട്ടുള്ള ഭൂവുടമകളുടെ ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുമോ എന്ന് വിശദമാക്കുമോ; | (ബി) | 07/03/22 ലെ Kerala Rapid Transit Corporation Ltd - ന്റെ കത്തിൽ പ്രസ്തുത ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുന്നത് കേരളാ ഗവർണർക്കു വേണ്ടി ജില്ലാ കളക്ടറാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഗുണഭോക്താക്കളായിട്ടുള്ളതും സർക്കാർ രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിന് ബാധ്യസ്ഥവുമായ വിലയാധാരങ്ങളുടെ രജിസ്ട്രേഷനുകൾക്കാണ് G.O(P)No.201/2015/TD (SRO No.755/2015) പ്രകാരം രജിസ്ട്രേഷൻ ഫീസിൽ ഇളവ് അനുവദിച്ചിട്ടുള്ളത്. ഗവർണ്ണറുടെയോ ജില്ലാ കളക്ടറുടെയോ പേരിൽ സർക്കാർ ഗുണഭോക്താവായി ഭൂമി ഏറ്റെടുക്കുമ്പോൾ അപ്രകാരമുള്ള വിലയാധാരങ്ങളുടെ രജിസ്ട്രേഷന് സർക്കാർ രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ട സംഗതികളിൽ ടി ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിയിട്ടുള്ളതാണ്. ശ്രീകാര്യം |

| | | | |
|---|---|---|---|
| | | | മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മേൽ ഉത്തരവിന്റെ പരിധിയിൽ വരാത്ത ആധാരങ്ങൾക്ക് ഫീസ് ഇളവുകൾ നൽകണമെന്ന ശുപാർശകളൊന്നും ഈ വകുപ്പിന്റെ പരിഗണനയിലില്ല. |
| (സി) | നിലവിൽ ഭൂമി രജിസ്ട്രേഷന് ഏർപ്പെടുത്തിയിരിക്കുന്ന ടോക്കൺ സംവിധാനം പൊതുജനങ്ങൾക്കും സബ് രജിസ്ട്രാർ ആഫീസുകൾക്കും ഉണ്ടാക്കിയിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സബ് രജിസ്ട്രാർ ആഫീസുകൾ പുതിയതായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | തിരുവനന്തപുരം ജില്ലയിലെ പനവൂർ, തിരുമല, കൊല്ലം ജില്ലയിലെ കോട്ടുക്കൽ, പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ പഞ്ചായത്തിലെ പഴകുളം, ഇടുക്കി ജില്ലയിലെ കുമളി, എറണാകുളം ജില്ലയിലെ പള്ളുരുത്തി, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിയിലെ ചെറുമുക്ക്, കണ്ണൂർ ജില്ലയിലെ മയ്യിൽ, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ എന്നീ സ്ഥലങ്ങളിൽ പുതിയ ഓഫീസുകൾ ആരംഭിക്കണമെന്ന നിവേദനങ്ങൾ ലഭ്യമായതു പ്രകാരം, ആയതു സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ